**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 451** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഐ.ടി. കമ്പനികളിലെ പിരിച്ചുവിടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ. ടി. കമ്പനികളിൽ നിന്നും തൊഴിൽ നിയമങ്ങൾ പാലിക്കാതെ ജീവനക്കാരെ പിരിച്ചുവിടുന്ന പ്രവണത വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഐ.ടി കമ്പനികളുടെയും ജീവനക്കാരുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്ന സംയോജിത ഇടപെടലുകളാണ് ഈ മേഖലയിൽ സർക്കാർ നടത്തുന്നത്. അനധികൃതമായി ജീവനക്കാരെ പിരിച്ചുവിടരുതെന്നും അവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും കൃത്യമായി ലഭിക്കണമെന്നുമാണ് സംസ്ഥാന സർക്കാരിന്റെ പൊതുവായ സമീപനം. സർക്കാർ ഐ.ടി. പാർക്കുകൾ അടിസ്ഥാനമാക്കിയും അല്ലാതെയും ഐ.ടി മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികൾ ഭൂരിഭാഗവും സമയബന്ധിതമായ പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തുന്നവയാണ്. ലഭ്യമാകുന്ന ബിസിനസുകളുടെ സ്വഭാവവും ആവശ്യകതയും അനുസരിച്ച് അവ പൂർത്തിയാക്കി നൽകുംവരെയുള്ള നിശ്ചിത കാലാവധിക്കാണ് ജീവനക്കാരെ പൊതുവിൽ നിയമിക്കുന്നത്. ആയതിനാൽ ഐ.ടി മേഖലയിൽ പൊതുവെ പ്രോജക്ട് അടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടക്കുന്നത്. കമ്പനികളും ജീവനക്കാരും സംയുക്തമായി അംഗീകരിക്കുന്ന കരാറിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം നിയമനങ്ങൾ നടക്കുന്നത്. മികച്ച തൊഴിലവസരങ്ങൾ മറ്റ കമ്പനികളിൽ ലഭ്യമാകുമ്പോൾ ജീവനക്കാർക്ക് സ്വയം പിരിഞ്ഞുപോകുന്നതിനും അവസരമുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഉണ്ടായ ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ പ്രതിഫലനം കേരളത്തിലുമുണ്ടായി. അതു കാരണം, 2020-21 ൽ പുതിയതായി വന്ന കമ്പനികളുടെ എണ്ണം 10 ആയി കുറഞ്ഞു. അതിനു മുൻവർഷം 40 പുതിയ കമ്പനികളാണ് സർക്കാർ ഐ.ടി പാർക്കുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടത്. നിലവിൽ പല ഐ.ടി കമ്പനികളും വർക്ക് ഫ്രം ഹോം എന്ന |

| | | | |
|---|---|---|---|
| | | | നിലയിലാണ് പ്രവർത്തിക്കുന്നത്. ഈ പ്രതിസന്ധി മറികടക്കാൻ ഐ.ടി മേഖലയ്ക്ക് സംസ്ഥാന സർക്കാർ പല ആനുകൂല്യങ്ങളും പ്രഖ്യാപിച്ചു. ഐ.ടി പാർക്കുകൾ പ്രവർത്തിക്കുന്ന ഐ.ടി/ഐ.ടി ഇതര സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയ വാടകയിളവും മറ്റാനുകൂല്യങ്ങളും ഐ.ടി സ്ഥാപനങ്ങൾക്ക് വലിയ തോതിൽ ആശ്വാസമായി. 10000 ച.അടിയിൽ കൂടുതൽ സ്ഥലത്ത് പ്രവർത്തിക്കുന്ന ഐ.ടി/ ഐ.ടി.ഇ.എസ് കമ്പനികൾക്ക് മൂന്നു മാസത്തെ വാടകയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു. ഐ.ടി പാർക്കുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും 25000 ച.അടി വരെ വിസ്തീർണ്ണമുള്ളതുമായ എല്ലാ ഐ.ടി/ ഐ.ടി.ഇ.എസ് കമ്പനികൾക്കും മൂന്നു മാസത്തെ വാടക 10000 ച.അടി വരെ ഒഴിവാക്കി നൽകുകയും ചെയ്തു. മേൽ വിവരിച്ച ആശ്വാസ നടപടികളുടെ ഫലമായി 2020-21 ലും ഐ.ടി പാർക്കുകളിൽ സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളിൽ കുറവ് വന്നില്ല. 1000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. 2020-21 ൽ ഐ.ടി പാർക്കുകളിൽ രണ്ടുലക്ഷം ചതുരശ്ര അടി built up spaceന്റെ അധിക വിനിയോഗവുമുണ്ടായി. |
| (ബി) | എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) | ഐ.ടി കമ്പനികളുടെയും ജീവനക്കാരുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്ന സംയോജിത ഇടപെടലുകളാണ് ഈ മേഖലയിൽ സർക്കാർ നടത്തുന്നത്. അനധികൃതമായി ജീവനക്കാരെ പിരിച്ചുവിടരുതെന്നും അവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും കൃത്യമായി ലഭിക്കണമെന്നുമാണ് സംസ്ഥാന സർക്കാരിന്റെ പൊതുവായ സമീപനം. സർക്കാർ ഐ.ടി. പാർക്കുകൾ അടിസ്ഥാനമാക്കിയും അല്ലാതെയും ഐ.ടി മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികൾ ഭൂരിഭാഗവും സമയബന്ധിതമായ പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തുന്നവയാണ്. ലഭ്യമാകുന്ന ബിസിനസുകളുടെ സ്വഭാവവും ആവശ്യകതയും അനുസരിച്ച് അവ പൂർത്തിയാക്കി നൽകുംവരെയുള്ള നിശ്ചിത കാലാവധിക്കാണ് ജീവനക്കാരെ പൊതുവിൽ നിയമിക്കുന്നത്. ആയതിനാൽ ഐ.ടി മേഖലയിൽ പൊതുവെ പ്രോജക്ട് അടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടക്കുന്നത്. കമ്പനികളും ജീവനക്കാരും സംയുക്തമായി അംഗീകരിക്കുന്ന കരാറിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം നിയമനങ്ങൾ നടക്കുന്നത്. മികച്ച തൊഴിലവസരങ്ങൾ മറ്റു കമ്പനികളിൽ ലഭ്യമാകുമ്പോൾ ജീവനക്കാർക്ക് സ്വയം പിരിഞ്ഞുപോകുന്നതിനും അവസരമുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ |

| | | | |
|---|---|---|---|
| | | | ഉണ്ടായ ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ പ്രതിഫലനം കേരളത്തിലുമുണ്ടായി. അതു കാരണം, 2020-21 ൽ പുതിയതായി വന്ന കമ്പനികളുടെ എണ്ണം 10 ആയി കുറഞ്ഞു. അതിനു മുൻവർഷം 40 പുതിയ കമ്പനികളാണ് സർക്കാർ ഐ.ടി പാർക്കുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടത്. നിലവിൽ പല ഐ.ടി കമ്പനികളും വർക്ക് ഫ്രം ഹോം എന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. ഈ പ്രതിസന്ധി മറികടക്കാൻ ഐ.ടി മേഖലയ്ക്ക് സംസ്ഥാന സർക്കാർ പല ആനുകൂല്യങ്ങളും പ്രഖ്യാപിച്ചു. ഐ.ടി പാർക്കുകൾ പ്രവർത്തിക്കുന്ന ഐ.ടി/ഐ.ടി ഇതര സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയ വാടകയിളവും മറ്റാനുകൂല്യങ്ങളും ഐ.ടി സ്ഥാപനങ്ങൾക്ക് വലിയ തോതിൽ ആശ്വാസമായി. 10000 ച.അടിയിൽ കൂടുതൽ സ്ഥലത്ത് പ്രവർത്തിക്കുന്ന ഐ.ടി/ ഐ.ടി.ഇ.എസ് കമ്പനികൾക്ക് മൂന്നു മാസത്തെ വാടകയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു. ഐ.ടി പാർക്കുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും 25000 ച.അടി വരെ വിസ്തീർണ്ണമുള്ളതുമായ എല്ലാ ഐ.ടി/ ഐ.ടി.ഇ.എസ് കമ്പനികൾക്കും മൂന്നു മാസത്തെ വാടക 10000 ച.അടി വരെ ഒഴിവാക്കി നൽകുകയും ചെയ്തു. മേൽ വിവരിച്ച ആശ്വാസ നടപടികളുടെ ഫലമായി 2020-21 ലും ഐ.ടി പാർക്കുകളിൽ സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളിൽ കുറവ് വന്നില്ല. 1000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. 2020-21 ൽ ഐ.ടി പാർക്കുകളിൽ രണ്ടുലക്ഷം ചതുരശ്ര അടി built up spaceന്റെ അധിക വിനിയോഗവുമുണ്ടായി. |
| (സി) | ഇപ്രകാരം വർഷങ്ങളായി ജോലി ചെയ്യുന്ന ജീവനക്കാരെ പെട്ടെന്ന് പിരിച്ചുവിടുന്ന പ്രവണത ഇല്ലാതാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | തൊഴിൽ ചൂഷണം തടയുന്നതിനും ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ ഇതിനകം സർക്കാർ പാർക്കുകളും കമ്പനികളും സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യൻ കമ്പനീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന പ്രൈവറ്റ് ഐ.ടി/ ഐ.ടിഇ.എസ് കമ്പനികളാണ് സർക്കാർ ഐ.ടി പാർക്കുകളിൽ പ്രവർത്തിക്കുന്നത്. തൊഴിൽ നിയമങ്ങളായ ഷോപ്പ് ആന്റ് കൊമേഴ്ഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട്, സെക്ഷ്വൽ ഹരാസ്മെന്റ് ഓഫ് വുമൺ അറ്റ് വർക്ക് പ്ലെയിസ് (പ്രിവൻഷൻ, പ്രൊഹിബിഷൻ, റിഡ്രെസ്സൽ) ആക്ട്, ഈക്വൽ റെമ്യൂണറേഷൻസ് ആക്ട്, ഇ.പി.എഫ് ആക്ട് / ഇ.എസ്.ഐ ആക്ട്, /ഗ്രാറ്റുവിറ്റി ആക്ട്, ബോണസ് ആക്ട് എന്നിവ ഐ.ടി കമ്പനികൾക്ക് ബാധകമായിട്ടുണ്ട്. കൂടാതെ ജീവനക്കാർക്കായുള്ള ക്ഷേമനിധിയും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഐ.ടി |

| | | | |
|---|---|---|---|
| | | | പാർക്കുകളും കമ്പനികളും തമ്മിലുള്ള വാടക/പാട്ടക്കരാറിൽ ലേബർ നിയമങ്ങൾ നടപ്പിലാക്കണമെന്നുള്ള വ്യവസ്ഥ കർശനമായി നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽ ചൂഷണം, തട്ടിപ്പുകൾ, അനധികൃതമായ കരാർ വ്യവസ്ഥകൾ, കരാർ വ്യവസ്ഥകളുടെ ലംഘനം തുടങ്ങിയവ നിയന്ത്രിക്കുന്നതിനായി സർക്കാർ ഐ.ടി പാർക്കുകളും കമ്പനികളും തമ്മിൽ ഒപ്പ് വെയ്ക്കുന്ന വാടക/പാട്ടക്കരാർ ഉടമ്പടികളിൽ, നിലവിൽ നിയമാനുസൃതമായ എല്ലാ വ്യവസ്ഥകളും പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കരാർ വ്യവസ്ഥകൾ പാലിക്കാതെ വീഴ്ച വരുത്തുന്ന കമ്പനികളെ തുടർന്ന് പ്രവർത്തിക്കാൻ അനുവദിക്കാതിരിക്കുക, അവരുമായുള്ള കരാറുകൾ റദ്ദാക്കുക തുടങ്ങിയ നടപടികൾ ഐ.ടി പാർക്കുകൾ സ്വീകരിക്കുന്നുണ്ട്. ഇതിനായി ഒരു വിജിലൻസ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പാർക്കുകളിൽ പ്രവർത്തിക്കുന്ന ഐ.ടി കമ്പനികളിലെ ജീവനക്കാർക്ക് അവരുടെ പരാതികളും നിർദ്ദേശങ്ങളും നൽകുന്നതിനായി ഐ.ടി പാർക്കുകളിൽ HR ഗ്രീവൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കമ്പനികളിലും ജീവനക്കാരുടെ പ്രശ്നങ്ങൾ നേരിട്ട് പരിഹരിക്കുന്നതിനുള്ള സംവിധാനം ഉണ്ട്. അവിടെ പരിഹരിക്കുവാൻ കഴിയാത്ത പ്രശ്നങ്ങൾ ഐ.ടി പാർക്കുകളിലെ HR ഗ്രീവൻസ് കമ്മിറ്റികൾക്ക് ലഭിക്കുമ്പോൾ, അവ പരിഹരിക്കുവാൻ ശ്രമിക്കുകയും കഴിയാത്തവ തുടർ നടപടികൾക്കായി പ്രാഥമിക അന്വേഷണങ്ങൾക്കു ശേഷം ആവശ്യമെന്നു കണ്ടാൽ ലേബർ ഓഫീസർ/മറ്റ് ബന്ധപ്പെട്ട അധികാരികൾ എന്നിവർക്ക് പരാതി നൽകാൻ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. കൂടാതെ, സംസ്ഥാന ലേബർ കമ്മീഷണർ ഒരു ഗ്രീവൻസ് റിഡ്രെസൽ സെൽ / കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ